## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 56** **29.01.2019-ൽ മറുപടിക്ക്**

## വിനോദസഞ്ചാര മേഖലയെ ഹർത്താലുകളിൽ നിന്നും ഒഴിവാക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.ടി. തോമസ്<br>ശ്രീ. എ.പി. അനിൽകുമാർ<br>ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. റോജി എം. ജോൺ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി) | |
| എ) | തുടരെ ഉണ്ടാകുന്ന ഹർത്താലുകൾ വിനോദ സഞ്ചാര മേഖലയെ എപ്രകാരമാണ് ബാധിച്ചത് എന്ന് വ്യക്തമാക്കുമോ; | എ) | തുടരെ ഉണ്ടാകുന്ന ഹർത്താലുകൾ സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളുടെ സുഗമമായ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്. ഹർത്താൽ ദിവസങ്ങളിൽ റോഡ് വഴിയുള്ള വാഹന ഗതാഗതം തടസ്സപ്പെടുന്നതും ഹോട്ടലുകൾ ഉൾപ്പെടെയുള്ള കടകൾ തുറന്നു പ്രവർത്തിക്കാത്തതും വിനോദസഞ്ചാരികൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട്. |
| ബി) | വിനോദ സഞ്ചാരമേഖലയെ തകർക്കുന്ന മിന്നൽ ഹർത്താലുകൾ, പണിമുടക്ക് എന്നിവയോട് സഹകരിക്കേണ്ട എന്ന് കേരള ട്രാവൽ മാർട്ട് സൊസൈറ്റി തീരുമാനം എടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ഉണ്ട്. |
| സി) | ടൂറിസം മേഖലയെ ഹർത്താലിൽ നിന്നും ഒഴിവാക്കണമെന്ന് സർക്കാർ രാഷ്ട്രീയ പാർട്ടികളോട് | സി) | 15.05.2018 ന് മുഖ്യമന്ത്രി വിളിച്ചു ചേർത്ത സർവ്വകക്ഷി യോഗത്തിൽ ടൂറിസം മേഖലയെ ഹർത്താലിൽ നിന്നും ഒഴിവാക്കാൻ അഭ്യർത്ഥിച്ചിരുന്നു. |

അഭ്യർത്ഥിച്ചിട്ടുണ്ടോ; എങ്കിൽ അവരുടെ പ്രതികരണം എന്താണ് എന്നറിയിക്കാമോ;

ഇക്കാര്യത്തിൽ എല്ലാ രാഷ്ട്രീയ പാർട്ടികളും അനുകൂല നിലപാടാണ് സ്വീകരിച്ചത്.

ഡി) ജനുവരി 8, 9 തീയതികളിൽ നടന്ന ദേശീയ പണിമുടക്കിൽ നിന്നും ടൂറിസം മേഖലയെ ഒഴിവാക്കി എന്ന് പ്രഖ്യാപി ച്ചെങ്കിലും അതിന് ആവശ്യമായ പോലീസ് സംരക്ഷണം നൽകാത്തതിനാൽ പ്രസ്തുത സമരം ടൂറിസം മേഖലയ്ക്ക് കനത്ത നഷ്ടം ഉണ്ടാക്കി യിട്ടുണ്ടോ;

ഡി) ജനുവരി 8, 9 തീയതികളിൽ നടന്ന ദേശീയ പണിമുടക്കുമായി ബന്ധപ്പെട്ട് വിനോദസഞ്ചാരികൾക്ക് സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചിരുന്നു. ഈ ദിനങ്ങളിൽ ടൂറിസ്റ്റുകൾക്ക് എതിരെയുള്ള ആക്രമണങ്ങളൊന്നും വിനോദസഞ്ചാര വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വാഹന സൗകര്യങ്ങളുടെ അഭാവവും കടകൾ തുറന്നു പ്രവർത്തിക്കാത്തതും വിനോദസഞ്ചാരികളെ ബുദ്ധിമുട്ടിച്ചിട്ടുണ്ട്. അതുകൊണ്ട് തന്നെ ടൂറിസം മേഖലയുടെ പ്രവർത്തനത്തെ ബാധിച്ചിട്ടുമുണ്ട്.

ഇ) വിദേശ പൗരന്മാരോട് അവരുടെ രാജ്യങ്ങൾ കേരളം സന്ദർശിക്കുന്നതിൽ നിന്നും വിട്ട് നിൽക്കണമെന്ന നിർദ്ദേശം നൽകിയിട്ടുള്ളത് സംസ്ഥാനത്തെ ടൂറിസം മേഖലയ്ക്ക് കനത്ത തിരിച്ചടിയായ സാഹചര്യത്തിൽ ടൂറിസം മേഖലയെ ഹർത്താലിൽ നിന്നും പൂർണ്ണമായും ഒഴിവാക്കുന്നതിനും ഇവിടെ എത്തുന്ന സഞ്ചാരികൾക്ക് സംരക്ഷണം നൽകുന്ന തിനും അടിയന്തര നടപടികൾ കൈക്കൊള്ളുമോ എന്ന് വ്യക്തമാക്കാമോ?

ഇ) ഹർത്താലിൽ നിന്നും ടൂറിസം മേഖലയെ ഒഴിവാക്കണമെന്ന സർക്കാരിന്റെ അഭ്യർത്ഥനയിന്മേൽ രാഷ്ട്രീയ പാർട്ടികളെല്ലാം തന്നെ അനുകൂല നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. കേരളത്തിലെത്തുന്ന വിനോദ സഞ്ചാരികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് സർക്കാർ നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ